കേരള സർവകലാശാല സെനറ്റ് മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട എച്ച്. എസ്. ആദർശ്. കേരള സർവകലാശാല, കാര്യവട്ടം ക്യാംപസിലെ പൊളിറ്റിക്കൽ സയൻസ് പിഎച്ച്ഡി വിദ്യാർഥിയാണ്.

## വ്യാപാരി വ്യവസായി ഏകോപന സമിതി സംഗമം

പുനലൂർ: മാങ്കോട് വ്യാപാരി വ്യവസായി ഏകോപന സമിതി ദ്വൈവാർഷിക സംഗമവും തെരഞ്ഞെടുപ്പും നടത്തി. സംഗമം ജില്ലാ ജനറൽ സെക്രട്ടറി ജോജോ കെ.ഏബ്രഹാം ഉദ്ഘാടനം ചെയ്തു. ഇസ്മയിൽ പ്ലാവിള അധ്യക്ഷത വഹിച്ചു. ഭാരവാഹികൾ: ഇസ്മയിൽ പ്ലാവിള (പ്രസിഡന്റ്) വി.എസ്.ജോസ് (സെക്രട്ടറി) എസ്. സുധീർ (ട്രഷറർ).

## കരിങ്കൽ ക്വാറികൾ അടച്ചുപൂട്ടി

പുനലൂർ: കൊല്ലം ജില്ലയിലേക്ക് കൂടുതൽ കരിങ്കല്ലുകൾ കൊണ്ടുപോകുന്ന തെങ്കാശി ജില്ലയിലെ 18 കരിങ്കൽ ക്വാറികൾ അടച്ചുപൂട്ടി. കൃത്യമായ അനുമതിയില്ലാതെ പ്രവർത്തിച്ചവയാണ് താല്ക്കാലികമായി അടച്ചുപൂട്ടിയത്. കഴിഞ്ഞ ദിവസം ധാതു - ഖനന മന്ത്രി ഡോ. ടി.കെ. പ്രഭുവിന്റെ നേതൃത്വത്തിൽ തെങ്കാശിയിലെ ക്വാറികളിൽ പരിശോധന നടത്തിയിരുന്നു. തുടർന്നാണ് തെങ്കാശിയിലെ അനുവദനീയമായതിലും അധിക ഖനനം നടത്തിയ ക്വാറികളുടെ പ്രവർത്തനം തടയാൻ ഉത്തരവിട്ടത്.

## കെയുഡബ്ല്യുജെ പ്രതിഷേധിച്ചു

തിരുവനന്തപുരം: പാളയത്ത് കഴിഞ്ഞ ദിവസം രാത്രി വിദ്യാർഥി സംഘടനകൾ തമ്മിൽ ഉണ്ടായ സംഘർഷം റിപ്പോർട്ട് ചെയ്യാൻ എത്തിയ കൈരളി ടിവി റിപ്പോർട്ടർ കെ.വി. കമലേഷിനെ കെഎസ്‌യു പ്രവർത്തകർ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചതിൽ കേരള പത്രപ്രവർത്തക യൂണിയൻ ജില്ലാ കമ്മിറ്റി പ്രതിഷേധിച്ചു. പൊലീസ് ഇടപെട്ടതിനെ തുടർന്നാണ് കയ്യേറ്റ സാഹചര്യം ഒഴിവായത്. മാധ്യമ പ്രവർത്തകരുടെ ജോലി തടസപ്പെടുത്തുന്ന നടപടികളിൽ നിന്ന് വിദ്യാർഥി സംഘടനകൾ പിന്തിരിയണമെന്ന് യൂണിയൻ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

## അധ്യാപക ഒഴിവ്

മലയിൻകീഴ്: വിളവൂർക്കൽ ഗവ.ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ ഫിസിക്സ്( ജൂനിയർ) അധ്യാപകന്റെ താത്കാലിക ഒഴിവുണ്ട്. യോഗ്യതയുള്ള ഉദ്യോഗാർഥികൾ ജൂൺ 5ന് രാവിലെ 10ന് സ്കൂൾ ഓഫീസിൽ നടക്കുന്ന ഇന്റർവ്യൂവിൽ അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

## അപേക്ഷ ക്ഷണിക്കുന്നു

നെയ്യാറ്റിൻകര: പട്ടികജാതി വികസന വകുപ്പിന് കീഴിൽ നെയ്യാറ്റിൻകര വഴുതൂരിൽ പ്രവർത്തിക്കുന്ന പെൺകുട്ടികൾക്കായുള്ള പ്രീ മെട്രിക് ഹോസ്റ്റലിൽ 2026 27 അധ്യയന വർഷം അഞ്ച് മുതൽ പത്താം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് ട്യൂഷൻ എടുക്കുന്നതിന് ബിരുദം/ ബിരുദാനന്ദ ബിരുദം/ബിഎഡ്/ എം എഡ് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താല്പര്യമുള്ള വനിതാ ഉദ്യോഗാർഥികൾ വെള്ള പേപ്പറിൽ വിശദമായി തയ്യാറാക്കിയ ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം അപേക്ഷിക്കേണ്ടതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 30ന് മുൻപരിചയം ഉള്ളവർക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും മുൻഗണന ലഭിക്കുന്നതാണ്. അപേക്ഷിക്കേണ്ട വിലാസം: പട്ടികജാതി വികസന ഓഫീസർ, അനെക്സ് ബിൽഡിംഗ്, നെയ്യാറ്റിൻകര നഗരസഭ. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട നമ്പർ: 9188920051.

## ഫിറ്റ്നസ് ട്രെയിനർ

കൊല്ലം: കുളക്കട അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ ജനറൽ ഫിറ്റ്നസ് ട്രെയിനർ കോഴ്സിലേക്ക് പ്രവേശനം നേടാം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് എൻ സി വി ഇ ടി ലെവൽ 4 സർട്ടിഫിക്കേഷൻ ലഭിക്കും. ഫോൺ: 9495999672.

ട്രോഫിയുമായി ശ്രീനന്ദ അച്ഛനും സഹോദരിക്കുമൊപ്പം.

# കുട്ടിപ്പൊലീസുകാരെ നയിച്ച് കണ്ണൂരിന്റെ കൊച്ചു മിടുക്കി

വിഴിഞ്ഞം: കുട്ടിപൊലീസുകാരെ നയിച്ച് കണ്ണൂരിന്റെ കൊച്ചുമിടുക്കി ശ്രീനന്ദ (14) മികച്ച പരേഡ് കമാൻഡന്റായി. വെങ്ങാനൂരിൽ ഇന്നലെ സമാപിച്ച എസ്പിസിയുടെ സംസ്ഥാന ക്യാംപിൽ അഭിവാദ്യം ചെയ്യാനെത്തിയ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയെ വരെ വിസ്മയിപ്പിക്കുകയായിരുന്നു. കണ്ണൂർ പയ്യന്നൂർ ജി.എച്ച് എസ് മാത്തിൽ സ്കൂളിൽ നിന്നും എത്തിയ 10 -ാം ക്ലാസുകാരി ശ്രീനന്ദ. എട്ടാം ക്ലാസു മുതൽ എസ്പിസി കേഡറ്റായി പരിശീലനം നേടി അവിചാരിതമായി സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നുള്ള 930ഓളം കേഡറ്റുകളുടെ കമാൻഡന്റായി മാറുകയായിരുന്നു. വീട്ടിൽ വല്യ ദേഷ്യക്കാരിയായിരുന്നു ക്യാമ്പിൽ പങ്കെടുത്തതോടെ ആളാകെ മാറി. പല ജില്ലക്കാരെയും കണ്ടു വ്യത്യസ്ത അനുഭവങ്ങൾ കിട്ടി അതോടെ സ്വഭാവം മെച്ചപ്പെട്ടുവെന്ന് ഈ കൊച്ചുമിടുക്കി പറഞ്ഞു. നാട് വിട്ടുള്ള ആദ്യ ക്യാമ്പാണ്. മഴയെ പേടിച്ചു.പനി വന്നു ഇതൊന്നും കൂസാതെ പരിശീലനം നടത്തി. സഞ്ജു സാംസണും നടൻ ഷൈൻ നിഗമും ഗൂഗിൾ മീറ്റിൽ പങ്കെടുത്തു ഇങ്ങനെ കുറേ പറയാനുണ്ടെന്നും സന്തോഷമുണ്ടെന്നും ശ്രീനന്ദ പറഞ്ഞു. എല്ലാത്തിനും പിന്നിൽ സ്കൂളിലെ മൂന്ന് അദ്ധ്യാപകരായ സിന്ധു,ജയശ്രീ, ദീപ്തി എന്നിവരും ക്യാമ്പിലെത്തി. പരേഡ് കാണാൻ നാട്ടിൽ നിന്നും അച്ഛൻ ഹരീഷും ചേച്ചി ശ്രീഹർഷയും എത്തിയിരുന്നു. വീട്ടിൽ പശു വളർത്തൽ ഉള്ളതിനാൽ അമ്മ സുചിത്രയ്ക്ക് എത്താൻ കഴിയാത്തതിൽ വിഷമമുണ്ടെന്നും ശ്രീനന്ദ പറഞ്ഞു. ഐ.പി.എസ് കാരിയാകുകയാണ് ലക്ഷ്യം അതിന് ഓരോ പ്ലാനിംഗ് നടത്തി വരുകയാണെന്നും ശ്രീനന്ദ പറഞ്ഞു..

# എസ്പിസി കേഡറ്റുകൾ ഓപ്പറേഷൻ തൂഫാനിന്റെ ബ്രാൻഡ് അംബാസഡർമാർ: മന്ത്രി രമേശ് ചെന്നിത്തല

എസ്പിസി സഹവാസ ക്യാംപിൽ അഭിവാദ്യം സ്വീകരിക്കുന്ന ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

വിഴിഞ്ഞം: ലഹരിക്കെതിരെ കേരള പൊലീസിന്റെ ഏറ്റവും വിപുലമായ പദ്ധതിയായ 'ഓപ്പറേഷൻ തൂഫാൻ' വിജയിപ്പിക്കാൻ വിദ്യാർഥി സമൂഹം ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങണമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. സമൂഹത്തെ ഗുരുതരമായി ബാധിക്കുന്ന ഏറ്റവും വലിയ വിപത്ത് ലഹരിയാണെന്ന് രമേശ് ചെന്നിത്തല പറഞ്ഞു.

പുതുതലമുറയെ ഈ ദുരന്തത്തിൽ നിന്ന് സംരക്ഷിക്കുന്നതിനായി സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾ (എസ്പിസി) ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ബ്രാൻഡ് അംബാസഡർമാരാകണമെന്നും മന്ത്രി പറഞ്ഞു. എസ്പിസി സംസ്ഥാന സഹവാസ ക്യാംപായ 'ഐക്യ 2026'ന്റെ സമാപന സമ്മേളനം വെങ്ങാനൂർ വിപിഎസ്. മലങ്കര ആൻഡ് ഗേൾസ് എച്ച് എസ്എസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്കൂൾ, കോളെജ് ക്യാംപസുകൾ ഉൾപ്പെടെയുള്ള ഇടങ്ങൾ കേന്ദ്രീകരിച്ച് വിവിധ തരത്തിലുള്ള രാസലഹരികൾ വിൽക്കുന്ന അധോലോക സംഘങ്ങളെ ഇല്ലാതാക്കുന്നതിനായാണ് 'ഓപ്പറേഷൻ തൂഫാൻ' എന്ന പദ്ധതി ആരംഭിച്ചത്. യുവതലമുറയെ ഒരിക്കലും ലഹരിക്ക് അടിമയാക്കില്ലെന്ന ലക്ഷ്യത്തിന്റെ മുൻനിരയിൽ എസ്പിസി കേഡറ്റുകൾ ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. കേരള പൊലീസിന്റെ അഭിമാനചിഹ്നമായി സ്റ്റുഡന്റ് പൊലീസ് കേഡറ്റ് പദ്ധതി വളർന്നു. ഒന്നര ദശാബ്ദമായി കേരളത്തിൽ പ്രവർത്തിക്കുന്ന യുവതയുടെ ഈ കൂട്ടായ്മ നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. എസ്പിസി. പദ്ധതി രാജ്യത്തുടനീളം നടപ്പാക്കുന്നതിനുള്ള ആലോചനകൾ നടക്കുന്ന കാലമാണിതെന്നും അദ്ദേഹം പറഞ്ഞു.

സ്കൂൾ കലോത്സവങ്ങൾ പൊലീസുകാരെപ്പോലെ കരുതലോടെ നിയന്ത്രിക്കുന്നതിലും, ജനാധിപത്യത്തിന്റെ പതാകവാഹകരായും മതേതരത്വത്തിന്റെ കാവൽക്കാരായും പ്രവർത്തിക്കുന്നതിലും എസ്പിസി കേഡറ്റുകൾ മാതൃകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഒരാഴ്ചയായി നടന്ന ക്യാംപിൽ 939 കേഡറ്റുകൾ പങ്കെടുത്തു. സെറിമോണിയൽ പരേഡിൽ മന്ത്രി അഭിവാദ്യം സ്വീകരിച്ചു. കേഡറ്റുകൾക്കുള്ള വിവിധ പുരസ്കാരങ്ങളും മന്ത്രി വിതരണം ചെയ്തു. സംസ്ഥാന പൊലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ, എഡിജിപിമാരായ എസ്. ശ്രീജിത്ത്, പി. വിജയൻ, ദിനേന്ദ്ര കശ്യപ്, ഗുഗുലോത്ത് ലക്ഷ്മൺ, ഐജിയും എസ്പിസി നോഡൽ ഓഫീസറുമായ എസ്. അജിത ബീഗം, പൊലീസ് ആസ്ഥാനത്തെ മറ്റ് ഉന്നത പൊലീസ് ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.

# നെല്ലനാട് ഗ്രാമീണ റോഡുകൾ തകർന്നു; ദുരിതയാത്രയ്ക്ക് പരിഹാരം കാണാതെ അധികൃതർ

വെഞ്ഞാറമൂട്: നെല്ലനാട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഗ്രാമീണ റോഡുകൾ പൂർണമായി തകർന്നു കിടക്കുന്നത് ജനജീവിതം ദുസ്സഹമാക്കുന്നു. മഴ ശക്തമായതോടെ ഭൂരിഭാഗം റോഡുകളിലും വലിയ വെള്ളക്കെട്ടുകൾ രൂപപ്പെടുകയും ഗതാഗതം തീർത്തും അസാധ്യമാവുകയും ചെയ്തിരിക്കുകയാണ്.

കഴിഞ്ഞ തദ്ദേശ തിരഞ്ഞെടുപ്പ് കാലത്ത് പ്രധാന ചർച്ചാ വിഷയമായിരുന്ന റോഡുകളുടെ നവീകരണ കാര്യത്തിൽ, പുതിയ ഭരണസമിതി അധികാരമേറ്റ് മാസങ്ങൾ കഴിഞ്ഞിട്ടും യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ലെന്നാണ് നാട്ടുകാരുടെ ആക്ഷേപം. പഞ്ചായത്തിലെ പ്രധാന ഗ്രാമീണ പാതകളായ ത്രിവേണിനഗർ - മുരൂർകോണം റോഡ്, സമന്വയ നഗർ - ഫെഡറൽ ബാങ്ക് ജങ്ഷൻ റോഡ്, മുക്കുന്നൂർ - ത്രിവേണിനഗർ റോഡ്, ഗണപതി ക്ഷേത്രം - മൈലക്കുഴി റോഡ്, തണ്ടറാംപൊയ്ക - ഗോകുലം മെഡിക്കൽ റോഡ്, പാകിസ്ഥാൻ മുക്ക് - മുളയം റോഡ്, കണ്ണൻകോട് റോഡ് എന്നിവയുൾപ്പെടെ നിരവധി റോഡുകളാണ് നിലവിൽ പൂർണമായും തകർന്നു കിടക്കുന്നത്. മഴക്കാലം ആരംഭിച്ചതോടെ ഈ റോഡുകളിലെ കുഴികളിൽ വെള്ളം നിറഞ്ഞ് കുളത്തിന് സമാനമായ സ്ഥിതിയിലാണ്.

കാൽനടയാത്ര പോലും അസാധ്യമായ രീതിയിൽ ചെളിയും വെള്ളവും നിറഞ്ഞ പാതകളിലൂടെയുള്ള യാത്ര പ്രദേശവാസികൾക്ക് വലിയ ദുരിതമാണ് സമ്മാനിക്കുന്നത്. ത്രിവേണി ജംഗ്ഷൻ മുരൂർകോണം റോഡിൽ തോട്ടത്തിൽ ഗണപതി ക്ഷേത്രം തിരിയുന്ന ഭാഗത്തെ വെള്ളക്കെട്ട് കാരണംവാഹനങ്ങൾക്ക് ഇതുവഴി കടന്നുപോകാൻ കഴിയാത്ത സ്ഥിതിയാണ് ഇവിടെ റോഡ് നിർമ്മാണത്തിലെ അപാകതയാണ് വെള്ളക്കെട്ടിന് കാരണമെന്ന് പ്രദേശവാസികൾ പറയുന്നു. മുൻ പഞ്ചായത്ത് ഭരണസമിതിയുടെ കാലത്ത് തകർന്നുകിടന്ന റോഡുകൾ ഗതാഗതയോഗ്യമാക്കാത്തത് ചൂണ്ടിക്കാട്ടിയും ഇതിന് പരിഹാരം കാണുമെന്ന് വാഗ്ദാനം ചെയ്തുമാണ് നിലവിലെ ഭരണസമിതി വോട്ട് തേടിയിരുന്നത്. എന്നാൽ എൽഡിഎഫ് നേതൃത്വത്തിലുള്ള പുതിയ ഭരണസമിതി അധികാരത്തിൽ വന്ന് മാസങ്ങൾ പിന്നിട്ടിട്ടും റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താനോ തകർച്ചയ്ക്ക് പരിഹാരം കാണാനോ തയാറായിട്ടില്ല. വെഞ്ഞാറമൂട്ടിൽ നടക്കുന്ന മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ വാഹനങ്ങൾ വഴിതിരിച്ചുവിടുന്നത് സമന്വയ നഗർ - നാഗരുകാവ് റോഡ് വഴിയാണ്. ഈ ബൈപ്പാസ് റോഡ് പോലും നിലവിൽ പൂർണമായി തകർന്ന നിലയിലാണ്. വലിയ വാഹനങ്ങളടക്കം കടന്നുപോകുന്ന ഈ പാതയെങ്കിലും അടിയന്തരമായി ഗതാഗതയോഗ്യമാക്കണമെന്ന ശക്തമായ ആവശ്യത്തിലാണ് നാട്ടുകാരും വാഹനയാത്രക്കാരും. റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് വാർഡിലെ കോൺഗ്രസ് ജനപ്രതിനിധിയായ ഷിബു പഞ്ചായത്ത് ഭരണസമിതിയോട് ഔദ്യോഗികമായി ആവശ്യം ഉന്നയിച്ചിരുന്നു. എന്നാൽ ഈ ആവശ്യത്തോട് അനുകൂലമായ നിലപാടല്ല എൽ.ഡി.എഫ്. ഭരണസമിതി സ്വീകരിച്ചതെന്നാണ് ആക്ഷേപം. റോഡുകളുടെ തകർച്ചയ്ക്ക് അടുത്ത രണ്ട് ദിവസത്തിനകം ശാശ്വതമായ പരിഹാരം കണ്ടില്ലെങ്കിൽ പഞ്ചായത്ത് ഓഫീസിന് മുന്നിൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിക്കുമെന്ന് വാർഡ് മെമ്പർ ഷിബു അറിയിച്ചു.

ത്രിവേണി ജംഗ്ഷൻ മുരൂർക്കോണം റോഡിലെ വെള്ളക്കെട്ട്.

## വ്യാപാരി വ്യവസായി ഏകോപന സമിതി കിളിമാനൂർ യൂണിറ്റ് സമ്മേളനം

കിളിമാനൂർ: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കിളിമാനൂർ യൂണിറ്റ് വാർഷിക സമ്മേളനം വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. സംഘടനയുടെ ജില്ലാ ജനറൽ സെക്രട്ടറി ബി. ജോഷി ബാസു സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ബാബുരാജ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സമ്മേളനത്തോടനുബന്ധിച്ച് നടന്ന ഭാരവാഹി തിരഞ്ഞെടുപ്പിൽ പുതിയ ഭാരവാഹികളായി ജെ. ബാബുരാജ്(പ്രസിഡന്റ്), കെ. പുഷ്പരാജൻ(ജനറൽ സെക്രട്ടറി), ആർ. രഞ്ജൻ(ട്രഷറർ), എം. ഷൂജ (വർക്കിംഗ് പ്രസിഡന്റ്) എന്നിവരെ തിരഞ്ഞെടുത്തു. എൻ. പ്രഫുലചന്ദ്രൻ, എം.കെ. സലിം എന്നിവരാണ് പുതിയ രക്ഷാധികാരികൾ. മറ്റു ഭാരവാഹികളായി ബി.എസ്. അൽത്താഫ്, ആർ. ജാസ്മിൻ സൈജു, ആർ. സജിത സഞ്ജു, ടി. മുത്തുകൃഷ്ണൻ, എസ്. ഷാജി(വൈസ് പ്രസിഡന്റുമാർ), എം. ഷാജഹാൻ, എസ്. ചന്ദ്രൻ, വി. വിനോദ്, കെ. ബാബു (ജോയിന്റ് സെക്രട്ടറിമാർ) എന്നിവരെയും തിരഞ്ഞെടുത്തു. വനിതാ വിംഗ് ഭാരവാഹികളായി ജാസ്മിൻ സൈജു, ആർ. സജിത സഞ്ജു, ആർ. സിന്ധു എന്നിവരെയും യോഗം ചുമതലപ്പെടുത്തി.

പ്രസിഡന്റ് ബാബുരാജ്, ജനറൽ സെക്രട്ടറി കെ. പുഷ്പരാജൻ.

ഗോകുലം മെഡിക്കൽ കോളെജിലെ പൂർവ വിദ്യാർഥി സംഗമം ചെയമാൻ ഗോകുലം ഗോപാലൻ ഉദ്ഘാടനം ചെയ്യുന്നു.

# 'ഒരു വട്ടം കൂടി'; ഗോകുലം മെഡിക്കൽ കോളെജ് പൂർവ വിദ്യാർഥി സംഗമം

വെഞ്ഞാറമൂട്: ഗോകുലം മെഡിക്കൽ കോളെജിലെ പൂർവ്വ വിദ്യാർഥികളുടെ കൂട്ടായ്മ സംഘടിപ്പിച്ച ഗ്രാൻഡ് അലുംനി മീറ്റ് 'ഒരു വട്ടം കൂടി' കോളെജ് ഓഡിറ്റോറിയത്തിൽ നടന്നു. ഗോകുലം ഗ്രൂപ്പ് ചെയർമാൻ ഗോകുലം ഗോപാലൻ ചടങ്ങ് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു.വിവിധ കാലഘട്ടങ്ങളിൽ ക്യാമ്പസിൽ ഒന്നിച്ച് പഠിച്ച നൂറുകണക്കിന് പൂർവ്വവിദ്യാർഥികളാണ് ഓർമ്മകൾ പുതുക്കുന്നതിനായി ഈ സ്നേഹസംഗമത്തിലേക്ക് എത്തിയത്. 2005 മുതൽ 2019 വരെയുള്ള വിവിധ ബാച്ചുകളിലെ വിദ്യാർത്ഥികളെ ഒരേ മേൽക്കൂരയ്ക്ക് കീഴിൽ അണിനിരത്തിക്കൊണ്ടാണ് ഈ വർഷത്തെ അലുംനി മീറ്റ് വിപുലമായ രീതിയിൽ സംഘടിപ്പിച്ചത്. ഉദ്ഘാടന ചടങ്ങിൽ കോളെജ് വൈസ് ചെയർമാൻ ഡോ. കെ. കെ. മനോജൻ, മാനേജിംഗ് ഡയറക്ടർ ഡോ. ഷീജ ജി. മനോജ് എന്നിവർ മുഖ്യാതിഥികളായിരുന്നു. കോളെജ് പ്രിൻസിപ്പൽ ഡോ. നന്ദിനി, അസോസിയേറ്റ് ഡീൻ ഡോ. ലളിത കൈലാസ് എന്നിവർ ചടങ്ങിൽ സംസാരിക്കുകയും പൂർവ്വവിദ്യാർഥികളുടെ ഒത്തുചേരലിന് ആശംസകൾ നേരുകയും ചെയ്തു. അലുമിനി അസോസിയേഷൻ പ്രസിഡന്റ് ഡോ. വിനീത്, സെക്രട്ടറി ഡോ. ജിതിൻ എന്നിവരും പരിപാടിക്ക് നേതൃത്വം നൽകി സംസാരിച്ചു. മെഡിക്കൽ കോളെജിലെ വിവിധ വകുപ്പുകളിലെ സീനിയർ പ്രൊഫസർമാരും മേധാവികളും മറ്റു വിശിഷ്ട വ്യക്തികളും ചടങ്ങിന്റെ ഭാഗമായി. പഴയകാല സൗഹൃദങ്ങളും ക്യാമ്പസ് അനുഭവങ്ങളും പങ്കുവെച്ചും, അധ്യാപകരെ ആദരിച്ചും പ്രിയ ക്യാമ്പസിലേക്കുള്ള മടക്കയാത്ര വിദ്യാർത്ഥികൾ ഹൃദ്യമായൊരു അനുഭവമാക്കി മാറ്റി. ആഹ്ലാദകരമായ അന്തരീക്ഷത്തിൽ നടന്ന വിവിധ പരിപാടികളോടെയാണ് സംഗമം സമാപിച്ചത്.

LEADERSHIP AWARD
VOICES SHAPING THE FUTURE OF KE

'ദ കിച്ചൺ' വാർഷികാഘോഷം ജീവമരിയ ജോയ് ഐഎഫ്എസ് ഉദ്ഘാടനം ചെയ്യുന്നു.

## 'ദ കിച്ചൺ' വാർഷികാഘോഷത്തിന് തുടക്കം

തിരുവനന്തപുരം: സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ കൂട്ടായ്മയായ ദ കിച്ചൺ 11-ാം വാർഷികാഘോഷത്തിന് തുടക്കമായി. വാർഷികാഘോഷങ്ങളുടെ ഭാഗമായി ഓരോ മാസവും കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലായി വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കും. വാർഷികാഘോഷത്തിന്റെ നെറ്റ് വർക്കിങ് ഇവന്റ്സ് ലീഡർഷിപ് എഡിഷനായി എംഎസ്എംഇ മേഖലയിൽ മികച്ച നേട്ടം കൈവരിച്ച സംരംഭകരുടെ മീറ്റ് അപ് സംഘടിപ്പിച്ചു. 'മീറ്റ് ദ ഇൻഫ്ലുവൻഷ്യൽ പീപ്പിൾ ഓഫ് യുവർ സിറ്റി' എന്ന പ്രമേയത്തിൽ ഹയാത്ത് റീജൻസിയിൽ സംഘടിപ്പിച്ച പരിപാടി തിരുവനന്തപുരം റീജിണൽ പാസ്പോർട്ട് ഓഫിസർ ജീവ മരിയ ജോയ് ഐഎഫ്എസ് ഉദ്ഘാടനം ചെയ്തു. ദേശീയ ചെറുകിട വ്യവസായ കോർപറേഷന്റേയും കേരള സ്റ്റാർട്ടപ് മിഷന്റേയും സൗത്ത് ഇന്ത്യൻ ചേമ്പർ ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രീസിന്റെയും തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സിന്റെയും തിരുവനന്തപുരം മാനേജ്മെന്റ് അസോസിയേഷന്റെയും സഹകരണത്തോടെ ലൈഫ്ആർട് ബിസിനസ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡാണ് പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി നേതൃത്വം, നവീകരണം, സംരംഭകത്വം, കേരളത്തിന്റെ ഭാവി വികസന സാധ്യതകൾ തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകളും ഫയർസൈഡ് ചാറ്റുകളും നടന്നു. മേയർ വി.വി. രാജേഷ്, തിരുവനന്തപുരം ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രീസ് പ്രസിഡന്റ് എസ്.എൻ. രഘുചന്ദ്രൻ നായർ, സുരേഷ് മാത്യൂ, വിങ് കമാൻഡർ രാഗശ്രീ ഡി. നായർ, ഡോ. തോമസ് നെച്ചുപാടം, ദീപു എസ്. നാഥ്, മരിയ ഡൊമനിക്, സജ്നനജാം, പാർവ്വതി നായർ, ഡോ. വിഷ്ണു ആർ. കൃഷ്ണൻ, മംമ്ത പിള്ള, ഡോ. വി.വി. കിഷോർ, ഷിജോ പറക്കാടൻ, വിശാഖ് വിശ്വംഭരൻ, അശ്വിൻ പുലാക്കരവീട്ടിൽ തുടങ്ങിയവർ വിവിധ സെഷനുകളിൽ സംസാരിച്ചു. സംരംഭക മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ച വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 2026ലെ ദ കിച്ചൺ ലീഡർഷിപ് ആൻഡ് ഇൻസ്പയർ അവാർഡുകൾ സമ്മാനിച്ചു.

## ലക്ചറർ തസ്തികയിൽ അഭിമുഖം

കൊല്ലം: കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളെജിൽ ഇംഗ്ലീഷ്, കെമിസ്ട്രി, ഫിസിക്സ് വിഭാഗങ്ങളിൽ ലക്ചറർ തസ്തികയിൽ താൽക്കാലിക ഒഴിവുണ്ട്. യോഗ്യത: അതാത് വിഷയത്തിൽ 55 ശതമാനം മാർക്കിൽ കുറയാത്ത ബിരുദാനന്തരബിരുദം, യുജിസി/സിഎസ്ഐആർ നെറ്റ്. അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ജൂൺ മൂന്നിന് രാവിലെ 10.30ന് അഭിമുഖത്തിന് ഹാജരാകണം. 9447488348, 8547005083.

# പ്ലസ് ടു പരീക്ഷാഫലം; കൊല്ലത്ത് വിജയശതമാനം 78.79

കൊല്ലം: രണ്ടാം വർഷ ഹയർസെക്കൻഡറി പരീക്ഷാഫലത്തിൽ ജില്ലയിൽ 78.79 വിജയശതമാനം. ജില്ലയിൽ 133 സ്കൂളുകളിൽ നിന്നായി 25137 പേർ പരീക്ഷയെഴുതി. 19805 വിദ്യാർഥികൾ ഉന്നത പഠനത്തിന് അർഹരായി. 2506 പേർ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി. ഓപ്പൺ സ്കൂൾ വിഭാഗത്തിൽ 47 ആണ് വിജയശതമാനം. 683 പേർ പരീക്ഷ എഴുതി. 321 പേർ ഉന്നത പഠനത്തിന് അർഹരായി. 11 കുട്ടികൾ എല്ലാ വിഷയത്തിലും എ പ്ലസ് നേടി. വി.എച്ച്.എസ്.സി വിഭാഗത്തിൽ 77.76 ശതമാനമാണ് വിജയം. 3454 പേർ പരീക്ഷ എഴുതിയതിൽ 2686 പേർ ഉന്നതപഠനത്തിന് അർഹരായി. കരുനാഗപ്പള്ളി ജെ എഫ് കെന്നഡി മെമ്മോറിയൽ വിഎച്ച്എസ്എസ് സ്കൂൾ 100 ശതമാനം വിജയം നേടി.

# കാണാൻ കൊതിക്കുന്ന സിനിമാതാരങ്ങൾ എത്തും; റാംപിൽ വിസ്മയം തീർക്കാൻ ലുലുമാൾ ഫാഷൻ വീക്കിന് നാളെ തുടക്കം

തിരുവനന്തപുരം\കഴക്കൂട്ടം: കാണാൻ കൊതിക്കുന്ന സിനിമാതാരങ്ങൾക്കൊപ്പം ആഗോള ഫാഷൻ ലോകത്തെ ഏറ്റവും പുതിയ ട്രെൻഡുകളും സ്റ്റൈൽ സ്റ്റേറ്റ്മെന്റുകളും തലസ്ഥാന നഗരിയിലേക്ക് എത്തിച്ച് നാലാമത് ലുലു ഫാഷൻ വീക്കിന് നാളെ മുതൽ തുടക്കമാകും. 31 വരെ നാല് ദിവസങ്ങളിലായി തിരുവനന്തപുരം ലുലു മാളിൽ നടക്കുന്ന ഫാഷൻ വീക്ക്, ഫാഷനും എന്റർടെയ്ൻമെന്റും ഒരുമിക്കുന്ന വേറിട്ട അനുഭവമാകും സമ്മാനിക്കുക.

രാജ്യത്തെ പ്രമുഖ മോഡലുകളും ഫാഷൻ ഡിസൈനർമാരും അണിനിരക്കുന്ന ഷോയിൽ ദേശീയ-അന്തർദേശീയ തലത്തിലെ ഇരുപതോളം പ്രമുഖ ബ്രാൻഡുകൾ പങ്കെടുക്കും. ഏറ്റവും പുതിയ കളക്ഷനുകളും ട്രെൻഡിംഗ് സ്റ്റൈലുകളും റാംപിലൂടെ അവതരിപ്പിക്കും. ഇന്ത്യൻ എത്നിക് വസ്ത്രങ്ങൾ, ഡിസൈനർ ഔട്ട്ഫിറ്റുകൾ, ട്രാവൽ ആക്സസറികൾ, കിഡ്സ് ഫാഷൻ തുടങ്ങി വൈവിധ്യമാർന്ന ഫാഷൻ ശൈലികൾ പ്രേക്ഷകർക്കായി അവതരിപ്പിക്കും. മലയാള സിനിമ-സീരിയൽ രംഗത്തെ ശ്രദ്ധേയ താരങ്ങളും ഷോ സ്റ്റോപ്പേഴ്സായി എത്തും എന്നതാണ് മറ്റൊരു പ്രത്യേകത. തിരുവനന്തപുരം നഗരത്തെ ദക്ഷിണേന്ത്യയിലെ ശ്രദ്ധേയ ഫാഷൻ ഡെസ്റ്റിനേഷനുകളിലൊന്നാക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഫാഷൻ വീക്ക് സംഘടിപ്പിക്കുന്നതെന്ന് തിരുവനന്തപുരം ലുലുമാൾ അധികൃതർ അറിയിച്ചു. ആഗോള നിലവാരത്തിലുള്ള ഫാഷൻ ട്രെൻഡുകൾ നേരിട്ട് അനുഭവിക്കാനുള്ള അവസരം കൂടിയാണ് ഫാഷൻ വീക്ക്. ഫാഷൻ രംഗത്ത് പതിറ്റാണ്ടുകളുടെ പ്രവർത്തന പാരമ്പര്യമുള്ള ഉത്സവ് ഡോലകിയയാണ് ഫാഷൻ വീക്കിന്റെ കൊറിയോഗ്രാഫർ. ഓരോ ദിവസവും റാംപ് വാക്കിനൊപ്പം ലൈവ് ബാൻഡ് പെർഫോമൻസുകളും അരങ്ങേറും. ലുലുമാളിൽ നടന്ന വാർത്ത സമ്മേളനത്തിൽ റീറ്റെയിൽ ജനറൽ മാനേജർ ഷീജേഷ് നമ്പ്യാർ, തിരുവനന്തപുരം റീജിയൻ ഹെഡ് ബയിങ് ഹെഡ് വിജയ് കൃഷ്ണൻ, മാൾ മാനേജർ അഖിൽ കെ. ബെന്നി, മാർക്കറ്റിംഗ് മാനേജർ വിഷ്ണു വിജയൻ, ഷോ ഡയറക്ടർ ഉത്സവ് ഡോലകിയ എന്നിവർ പങ്കെടുത്തു.

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ - ഇ-ലേലം-പബ്ലിക് സെയിൽ നോട്ടീസ്, സ്ഥാവര സ്വത്തുക്കളുടെ

[illegible]

രജിസ്റ്റർ ചെയ്ത ഓഫീസ്: 9-ാം നില, അന്തരിക്ഷ് ഭവൻ, 22, കെ.ജി. മാർഗ്, ന്യൂഡൽഹി-110 001 Ph.: 011-23357171, 23357172, 23705414, വെബ്സൈറ്റ്: www.pnbhousing.com

കൊല്ലം ശാഖ: രാജ് പ്ലാസ, ഒന്നാം നില, കിളിക്കൊല്ലൂർ, പി.ഒ, രണ്ടാംകുറ്റി, കൊല്ലം - 691004.

[illegible] www.pnbhousing.com.

| [illegible] | [illegible] | [illegible] | [illegible] | റിസർവ് തുക (ആർപി) (ഇ) | [illegible] | [illegible] | ബിഡ് വർധന തുക (എച്ച്) | [illegible] | [illegible] | [illegible] |
|---|---|---|---|---|---|---|---|---|---|---|
| HOU/KLM/0620/797066, [illegible] | Rs. 3623364 & 7/01/2025 | ഫിസിക്കൽ പൊസഷൻ | [illegible] | Rs. 2,160,000 | Rs. 216000.00 | 10/06/2026 | Rs. 10,000 | 02-June-2026,11AM to 5PM | 11-June-2026,02Pm to03Pm | [illegible] |

[illegible] www.bankeauctions.com [illegible] auction@pnbhousing.com, [illegible] www.pnbhousing.com.

സ്ഥലം: കൊല്ലം, തിയതി: 27.05.2026

ഒപ്പ്/- അംഗീകൃത ഓഫീസർ, പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്